DESPATCHED
On 08/06/2020
4.2.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1306*(2)/2017*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 6986/*എസ്.ഐ.സി-ജി 6/2017*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.വി.വി.ഉല്ലാസ്,**
**Saradas, പൂക്കോട്ട് പി.ഒ,**
**കണ്ണൂർ – 670 691.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
   **ഹയർസെക്കന്ററി വിഭാഗം,**
   **ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,**
   **തിരുവനന്തപുരം .**
2. **അപ്പീൽ അധികാരി,**
   **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
   **ഹയർസെക്കന്ററി വിഭാഗം,**
   **ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.08.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | ..... |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 26.10.2016 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | .... |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.05.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.05.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.വി.വി.ഉല്ലാസ് 20.05.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 29.08.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ഹയർ സെക്കന്ററി വകുപ്പിലെ കണ്ണൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് 28.06.2016 തീയതിയായി ടിയാൻ സമർപ്പിച്ച ഒരു പരാതി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തുടർനടപടികൾക്കായി ഹയർസെക്കന്ററി ഡയറക്ടറേറ്റിലേക്ക് അയച്ചിരുന്നതായും പ്രസ്തുത പരാതിയിന്മേൽ എടുത്ത തുടർ നടപടികൾ എന്തെല്ലാമാണെന്നും, നടപടി എടുത്തിട്ടില്ലെങ്കിൽ അടുത്ത നടപടി എന്താണെന്നും അറിയിക്കണമെന്നാണ്.

3. രണ്ടാം എതിർകക്ഷി 23.06.2017 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് ഹയർസെക്കന്ററി പ്രവേശന സമയത്ത് അലോട്ട്മെന്റ് ലെറ്ററിൽ സൂചിപ്പിച്ചിട്ടുള്ള ഫീസ് അല്ലാതെ മറ്റൊരുതരത്തിലും സ്കൂളിൽ ഫീസോ, ഫണ്ടോ രക്ഷകർത്താക്കൾ നൽകേണ്ടതില്ലായെന്നും ഇത്തരത്തിൽ അനധികൃത പിരിവ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ മെയിൽ ഐഡിയും ഫോൺ നമ്പരും നൽകിയിരുന്നുവെന്നും അനധികൃത പിരിവ് നടന്നിട്ടുള്ളതായി നേരിട്ടും, ടെലിഫോണിലൂടെയും, മെയിലിലും ധാരാളം പരാതികൾ ലഭിക്കുകയുണ്ടായിയെന്നുമാണ്. വളരെയധികം പരാതികൾ ലഭിച്ച സാഹചര്യത്തിൽ അവ ജില്ലാ അടിസ്ഥാനത്തിൽ വേർതിരിച്ച് ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് തുടർനടപടികൾക്കായി അയച്ചുവെങ്കിലും അഡ്മിഷന് രസീത് നൽകാതെ ഡൊണേഷൻ നൽകിയതായിട്ടുള്ള സാഹചര്യത്തിൽ ആരോപണത്തിന്മേൽ ബന്ധപ്പെട്ടവർ ആരോപണം നിഷേധിക്കുന്ന സാഹചര്യത്തിൽ അവർക്കെതിരെ നിയമാനുസരണം നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 18.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

4. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും അപ്പീലിനും എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ പരാമർശിത കാലയളവിലെ എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷികൾക്കു യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ടിയാന്മാർക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 04-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION